**കേരള സർക്കാർ**
**ധനകാര്യ (എസ് എഫ് സി-ബി) വകുപ്പ്**

സർക്കുലർ നം.**62**/2021/ധന. തിരുവനന്തപുരം, തീയതി: 02.08.2021

## സർക്കുലർ

വിഷയം - ധനകാര്യ വകുപ്പ് - സാമൂഹ്യ സുരക്ഷാ പെൻഷൻ - ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും വിവിധ കാരണങ്ങളാൽ ഒഴിവാക്കപ്പെട്ടവരുടെ പെൻഷൻ പുന:സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന- 1. സ.ഉ(കൈ)നം. 97/2020/ധന തീയതി 23.09.2020.
2. സ.ഉ(കൈ)നം. 100/2020/ധന തീയതി 30.09.2020.
3. സ.ഉ(കൈ)നം. 01/2021/ധന തീയതി 04.01.2021.
4. സ.ഉ(കൈ)നം. 43/2021/ധന തീയതി 06.03.2021.

സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിനായുള്ള മാനദണ്ഡങ്ങളും മറ്റ് അനുബന്ധ നിർദ്ദേശങ്ങളും സൂചനയിലെ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഒന്നിലധികം പെൻഷൻ കൈപ്പറ്റുന്നുവെന്ന കാരണത്താലും വാഹനമുണ്ടെന്ന കാരണത്താലും പെൻഷൻ ലഭിക്കാൻ അർഹതയുള്ള വ്യക്തികളുടെ പെൻഷൻ തടയപ്പെട്ടിട്ടുള്ളത് പുന:സ്ഥാപിക്കണമെന്ന നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ഇത്തരത്തിൽ ലഭിക്കുന്ന പൊതുവായ മറ്റു പരാതികൾ പരിഹരിക്കുന്നതിനും, അർഹതയുള്ളവർക്ക് കാലതാമസം കൂടാതെ പെൻഷനുകൾ പുന:സ്ഥാപിക്കപ്പെടുന്നതിനുമായി ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

i. ഇ.പി.എഫ് പെൻഷൻ കൈപ്പറ്റുന്നുവെന്ന് തെറ്റായി സേവനയിൽ രേഖപ്പെടുത്തിയതു കാരണം മറ്റു പെൻഷനുകൾ തടയപ്പെട്ടവരുടെ കാര്യത്തിൽ, അവർക്ക് ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നില്ലായെന്ന് പ്രാദേശിക സർക്കാർ സെക്രട്ടറിയ്ക്ക് ബോദ്ധ്യപ്പെടുന്ന പക്ഷം നിലവിലെ ഉത്തരവുകൾ പ്രകാരം ലഭിക്കുവാൻ അർഹതയുള്ള പെൻഷൻ/പെൻഷനുകൾ പുന:സ്ഥാപിച്ചു നൽകാവുന്നതാണ്.

ii. ഇ.പി.എഫ് പെൻഷൻ കൈപ്പറ്റുന്നവർക്ക് നിലവിലെ നിബന്ധനകൾക്ക് വിധേയമായി, ഇ.പി.എഫ് പെൻഷനു പുറമെ സാമൂഹ്യ സുരക്ഷാ പെൻഷൻ/ തനതു ഫണ്ടിൽ നിന്നും പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡ് പെൻഷൻ/ സർക്കാർ സഹായത്തോടെ പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡ്

പെൻഷൻ എന്നിവയിലേതെങ്കിലും ഒരു പെൻഷൻ ലഭിക്കുന്നതിനു മാത്രമേ അർഹതയുള്ളൂ.

iii. നിലവിൽ ഇ.പി.എഫ് പെൻഷനോടൊപ്പം സാമൂഹ്യ സുരക്ഷാ പെൻഷൻ, ക്ഷേമനിധി ബോർഡ് പെൻഷൻ എന്നിവ കൈപ്പറ്റിവന്നതിനാൽ രണ്ട് പെൻഷനുകളും തടഞ്ഞുവച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക്, ഇ.പി.എഫ് പെൻഷനു പുറമേ നിലവിലെ മറ്റു നിബന്ധനകൾക്ക് വിധേയമായി ഗുണഭോക്താവിന്റെ താത്പര്യപ്രകാരം ഏതെങ്കിലും ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ/ക്ഷേമനിധി ബോർഡ് പെൻഷൻ പുന:സ്ഥാപിച്ചു നൽകാവുന്നതാണ്.

iv. ഇ.പി.എഫ് പെൻഷനോടൊപ്പം ലഭിക്കുന്ന രണ്ടു ക്ഷേമനിധി ബോർഡ് പെൻഷനുകളും സർക്കാർ ഫണ്ടുപയോഗിച്ച് നൽകുന്നതാണെങ്കിൽ ഗുണഭോക്താവിന്റെ താത്പര്യപ്രകാരം ഏതെങ്കിലും ഒരു ക്ഷേമനിധി ബോർഡിലെ പെൻഷൻ നിലനിർത്തേണ്ടതും രണ്ടാമത്തേത് റദ്ദു ചെയ്യേണ്ടതുമാണ്.

v. ഇ.പി.എഫ് പെൻഷനോടൊപ്പം ലഭിക്കുന്ന രണ്ടു ക്ഷേമനിധി ബോർഡ് പെൻഷനുകളിൽ ഒന്ന് സർക്കാർ നൽകുന്ന ഫണ്ടുപയോഗിച്ച് ലഭിക്കുന്നതും മറ്റൊന്ന് സ്വന്തം ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡിൽ നിന്നും ലഭിക്കുന്നതുമാണെങ്കിൽ, സർക്കാർ സഹായത്തോടെ പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡിലെ പെൻഷൻ റദ്ദു ചെയ്യേണ്ടതും, സ്വന്തം ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡിൽ നിന്നും ലഭിക്കുന്ന പെൻഷൻ നിലനിർത്തേണ്ടതുമാണ്.

vi. പ്രതിമാസം 4000/- രൂപ വരെ എക്സ്ഗ്രേഷ്യ പെൻഷൻ/എൻ.പി.എസ്. പെൻഷൻ ലഭിക്കുന്നവർക്ക് അർഹതാ മാനദണ്ഡങ്ങൾക്കു വിധേയമായി ഏതെങ്കിലും ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ/ഒരു ക്ഷേമനിധി ബോർഡ് പെൻഷൻ 600/- രൂപ നിരക്കിൽ അനുവദിക്കാവുന്നതാണ്.

vii. സാമൂഹ്യ സുരക്ഷാ പെൻഷനോടൊപ്പം രണ്ട് ബോർഡ് പെൻഷനുകൾ കൈപ്പറ്റി വന്നിരുന്നുവെന്ന കാരണത്താൽ പെൻഷനുകൾ തടയപ്പെട്ടവരിൽ, 06.02.2017-നു മുൻപ് പ്രസ്തുത പെൻഷനുകൾ വാങ്ങിവന്നിരുന്നവർക്ക് ഏതെങ്കിലും ഒരു ബോർഡ് പെൻഷൻ ഗുണഭോക്താവിന്റെ താത്പര്യ പ്രകാരം പൂർണ്ണ നിരക്കിൽ നിലനിർത്തേണ്ടതും മറ്റൊന്ന് റദ്ദു ചെയ്യേണ്ടതുമാണ്. കൂടാതെ ഇവർക്ക് ലഭിച്ചുകൊണ്ടിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കുന്നതിനു അർഹതയുണ്ടായിരിക്കും.

viii. 06/02/2017-നു മുൻപ് സാമൂഹ്യ സുരക്ഷാ പെൻഷനും ഒരു ക്ഷേമനിധി ബോർഡു പെൻഷനും വാങ്ങിവന്നിരുന്നവരും, തുടർന്ന് പ്രസ്തുത തീയതിയ്ക്ക് ശേഷം മറ്റൊരു ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിച്ച് സേവനയിൽ എൻട്രി നടത്തുമ്പോൾ മുൻപു ലഭിച്ചു കൊണ്ടിരുന്ന രണ്ട് പെൻഷനുകളും സ്വമേധയാ സസ്പെന്റു ചെയ്യപ്പെട്ടവരുമായ ഗുണഭോക്താക്കൾക്ക് നിലവിലെ ഉത്തരവുകൾ പ്രകാരം 06/02/2017-നു മുൻപ് വാങ്ങിവന്നിരുന്ന പെൻഷനുകൾ പുന:സ്ഥാപിയ്ക്കേണ്ടതും പ്രസ്തുത തീയതിയ്ക്ക് ശേഷം അനുവദിച്ച പെൻഷൻ റദ്ദു ചെയ്യേണ്ടതുമാണ്. ഗുണഭോക്താവിന്റെ താത്പര്യപ്രകാരം വേണം ഇത് ചെയ്യേണ്ടത്.

ix. വാഹനമുണ്ടെന്ന കാരണത്താൽ താത്ക്കാലികമായി പെൻഷൻ തടഞ്ഞുവയ്ക്കപ്പെട്ടവർ പിന്നീട് അർഹരാണെന്ന് കാണുന്നപക്ഷം, ബന്ധപ്പെട്ട പ്രദേശിക സർക്കാർ സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന്റെ പെൻഷൻ പുന:സ്ഥാപിച്ച് നൽകേണ്ടതാണ്.

x. വിവിധ കാരണങ്ങളാൽ "സേവന"യിൽ നിന്നും സ്ഥിരമായി ഒഴിവാക്കപ്പെട്ടവർക്ക് പെൻഷൻ പുന:സ്ഥാപിച്ച് നൽകേണ്ടതില്ല. എന്നാൽ അത്തരക്കാർ പിന്നീട് പെൻഷന് അർഹരാകുന്ന പക്ഷം ബന്ധപ്പെട്ട പ്രാദേശിക സർക്കാരിൽ പുതിയ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകൾ നിലവിലെ നിബന്ധകൾ പ്രകാരമുള്ള നപടിക്രമങ്ങൾ പൂർത്തിയാക്കി അർഹരായവർക്ക് പെൻഷൻ അനുവദിക്കേണ്ടതാണ്. എന്നാൽ, ഇത്തരക്കാരിൽ 06/02/2017-നു മുൻപ് രണ്ട് പെൻഷൻ ലഭിച്ചിരുന്നവർ, വികലാംഗ പെൻഷൻ ലഭിച്ചിരുന്നവർ എന്നിവരുടെ കാര്യത്തിൽ പുതിയ അപേക്ഷയില്ലാതെ തന്നെ സർക്കാർ അനുമതിയോടെ പെൻഷൻ പുന:സ്ഥാപിച്ച് നൽകാവുന്നതാണ്.

**3**) ഇത്തരത്തിൽ പെൻഷനുകൾ പുന:സ്ഥാപിച്ച് നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടറെയും, മേൽ നിർദ്ദേശങ്ങൾ പ്രകാരമുള്ള മാറ്റങ്ങൾ സേവനയിൽ വരുത്തുന്നതിനായി ഐ.കെ.എം-നെയും ചുമതലപ്പെടുത്തുന്നു.

**രാജേഷ് കുമാർ സിംഗ്**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ് II), കേരള, തിരുവനന്തപുരം
2. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്.
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
4. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
5. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
6. എല്ലാ മുൻസിപ്പാലിറ്റി/ മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
7. എല്ലാ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും
8. ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
9. നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
10. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (നം.1794689/എസ്എഫ്സി-ബി2/21/ധന)

ഉത്തരവിൻ പ്രകാരം

An las. R

സെക്ഷൻ ഓഫീസർ